**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4383** **18-03-2025 - ൽ മറുപടിയ്ക്ക്**

**അഴീക്കോട് മണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | അഴീക്കോട് മണ്ഡലത്തിൽ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്ന വൈദ്യുത വകുപ്പിന്റെ ഏതെങ്കിലും പദ്ധതികൾ ഉണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ? | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>നിലവിലുണ്ട്. ആർ.ഡി.എസ്.എസ്, ദ്യുതി പദ്ധതികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>വൈദ്യുതിവിതരണ ശൃംഖലകളുടെ നവീകരണം ലക്ഷ്യമിട്ട് കേന്ദ്രസർക്കാരും കെ.എസ്.ഇ.ബി യും സംയുക്തമായി നടപ്പാക്കുന്ന നവീകരണ പദ്ധതിയായ ആർ.ഡി.എസ്.എസ് (റിവാംബ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം) ഭാഗമായി 110 കെ.വി സബ്സ്റ്റേഷൻ അഴീക്കോട് നിന്ന് 33 കെ.വി സബ്സ്റ്റേഷൻ കണ്ണൂർ ടൗൺ വരെയുള്ള 8 കിലോമീറ്റർ 33 കെ.വി. കവചിത കേബിൾ വലിച്ച് നവീകരിക്കുന്ന ജോലികൾ പൂർത്തീകരിച്ചു. കേബിളുകൾ വലിക്കുന്നതിനൊപ്പം വൈദ്യുതത്തൂണുകളിൽ വയറുകൾ ഘടിപ്പിക്കുന്ന കോമ്പോസിറ്റ് പിന്നുകളും ഇതോടൊപ്പം മാറ്റുന്നുണ്ട്. സാധാരണ അലുമിനിയം കമ്പികൾ ഉപയോഗിച്ചുള്ള നിലവിലുള്ള 33 കെവി ലൈൻ പുതിയ കവചിത കേബിളാക്കി മാറ്റുന്ന നാല് കോടിയോളം ചെലവ് വരുന്ന, പുത്തൻ സാങ്കേതിക വിദ്യയിലൂടെ നിർമാണം പൂർത്തീകരിച്ച ഈ പദ്ധതിയുടെ നിർമാണ ചുമതല കേരളത്തിലെ ഇലക്ട്രിക്കൽ കൺസ്ട്രക്ഷൻ കമ്പനിയായ തിരുവനന്തപുരം ജെനിസിസ് എൻജിനിയറിങ് ഗ്രൂപ്പാണ് നിർവഹിച്ചത്.<br><br>**അനെർട്ട്**<br><br>അഴീക്കോട് മണ്ഡലത്തിൽ അനെർട്ട് മുഖേന നടപ്പിലാക്കിയ പദ്ധതികളും ആയതിന്റെ വിശദ വിവരങ്ങളും ചുവടെ ചേർക്കുന്നു:<br><br>തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും, മറ്റ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലും സൗരോർജ്ജ പദ്ധതികൾ അനെർട്ട് ഡെപ്പോസിറ്റ് പദ്ധതിയായി നടപ്പിലാക്കി വരുന്നു. അഴിക്കോട് നിയോജക മണ്ഡലത്തിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന് കീഴിലെ വിവിധ സ്ഥാപനങ്ങളിൽ ഓൺ ഗ്രിഡ് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു വരുന്നുണ്ട്. ആയതിന്റെ വിവരങ്ങൾ അടങ്ങിയ പട്ടിക ചുവടെ ചേർക്കുന്നു. |

| Sl. No. | Institution | Capacity | Status |
|---|---|---|---|
| 1 | Pappinisseri Gramapanchayath - Buds Special School Main Building | 5kW Ongrid | |

| | | | |
|---|---|---|---|
| 2 | Pappinisseri Gramapanchayath - Buds Special School Therapy Unit | 5kW Ongrid | Commissioned |
| 3 | Pappinisseri Gramapanchayath – Sisumandiram | 3kW Ongrid | |
| 4 | Pappinisseri Gramapanchayath - Veterinary Hospital | 3kW Ongrid | |
| 5 | Pappinisseri Gramapanchayath - Krishibhavan | 5kW Ongrid | |
| 6 | Pappinisseri Gramapanchayath - Puthiyakulam Samskarika Nilayam | 2kW Ongrid | Work Order issued |

| | | | |
|---|---|---|---|
| 7 | Pappinisseri Gramapanchayath - Aroli LP School Anganwadi | 3kW ongrid | Work order issued |
| 8 | Pappinisseri Gramapanchayath - Velapuram Anganwadi | 3kW ongrid | Work order issued |

അനെർട്ട് ഡെപ്പോസിറ്റ് പദ്ധതി പ്രകാരം SSK (സമഗ്ര ശിക്ഷ കേരള) യുടെ ഫണ്ട് ഉപയോഗിച്ച് ഫേസ്-2 പ്രൊജക്റ്റ്-ജി.യു.പി. പാപ്പിനിശ്ശേരി വെസ്റ്റ് സ്കൂളിൽ 3 കിലോവാട്ട് ഓൺ-ഗ്രിഡ് സൗരോർജ്ജ നിലയം സ്ഥാപിച്ചിട്ടുണ്ട്.

| **SSA PHASE -II** | | | |
|---|---|---|---|
| **Sl. No.** | **Institution** | **Capacity** | **Status** |
| **1** | GUPS Pappinissery west | 3kW | Commissioned |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| അഴീക്കോട് മണ്ഡലത്തിൽ പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്ന വൈദ്യുതി വകുപ്പിന്റെ പദ്ധതികളുടെ വിശദവിവരങ്ങൾ | | | | |
|---|---|---|---|---|
| **സെക്ഷൻ** | **ദ്യുതി വർക്കുകൾ** | **തുക (Rs.)** | **ആർ ഡി എസ് എസ് വർക്കുകൾ** | **തുക (Rs.)** |
| അഴീക്കോട് | 1.ട്രാൻസ്ഫോർമർ ഇൻസേർഷൻ വർക്ക്,<br>2. ട്രാൻസ്ഫോർമർ ശേഷി വർധിപ്പിക്കൽ<br>3. 2024-25 കാലത്തെ ബിപിഎൽ WP സർവീസ് കണക്ഷൻ ജോലികൾ,<br>4. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, | 4206099.55 | 1. എബിസി ഉപയോഗിച്ചുള്ള എൽടി റീകണ്ടക്ടറിംഗ് ജോലികൾ,<br>2. എൽടി എബിസി ഉപയോഗിച്ചുള്ള എൽടിഎച്ച് ലൈൻ റീകണ്ടക്ടറിംഗ്, | 11150054 |
| പാപ്പിനിശ്ശേരി | 1.ട്രാൻസ്ഫോർമർ സ്ഥാപിക്കൽ<br>2.ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും HT ABC ഉപയോഗിച്ച് 11 KV ലൈൻ നിർമ്മാണം<br>3. LT ABC ഉപയോഗിച്ചുള്ള പരിവർത്തനം | 9942229.54 | 1. ട്രാൻസ്ഫോർമറിലേക്ക് എച്ച്ടി എബിസി ഉപയോഗിച്ച് റീകണ്ടക്ടറിംഗ് | 17049500 |
| ബർണ്ണശ്ശേരി | 1.കേടായ എൽടി പോളുകൾ മാറ്റുന്ന പ്രവൃത്തി | 586625.2 | 1. 11 കെവി ലൈൻ റീകണ്ടക്ടറിംഗ് | 6838803 |
| വളപട്ടണം | 1. ആർ.എം.യു വർക്ക്<br>2. HT ABC നിർമ്മിക്കുകയും 100KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുക,<br>3. ട്രാൻസ്ഫോർമറിന്റെ മെച്ചപ്പെടുത്തൽ, ഡിപി, സ്ട്രക്ചർ നിർമ്മിക്കുകയും 100KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുക,<br>4. പി.പി.എസ് വർക്കുകൾ | 27266258.45 | 1. എബിസി ഉപയോഗിച്ച് എൽടി റീകണ്ടക്ടറിംഗ് ജോലികൾ | 21432699 |

| | | | | |
|---|---|---|---|---|
| കൊളച്ചേരി | 1.HT ABC യും ട്രാൻസ്ഫോർമർ ഇൻസ്റ്റാലേഷൻ,<br>2.എ ബി സ്വിച്ചുകൾ സ്ഥാപിക്കൽ ,<br>3.പി പി എസ് വർക്ക് | 6299720.46 | 1. എച്ച്ടി എബിസി ഉപയോഗിച്ച് റീ കണ്ടക്റ്ററിംങ്ങ്,<br>2. LT ABC ഉപയോഗിച്ച് പഴയ LT ത്രീ ഫേസ് OH ലൈൻ പുനഃസംയോജിപ്പിക്കുന്ന പ്രവൃത്തി | 9832401.6 |
| | **ആകെ തുക** | **48300933.2** | | **66303457.6** |
| **ആകെ തുക** | **Rs. 114604390.8** | | | |